ആശ്വാസ കിരണം പദ്ധതി കാസർഗോഡ് ജില്ലയിൽ

91(2559) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യകനീതിയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം ഓട്ടിസം ബാധിച്ചിട്ടുള്ള എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും പ്രസ്തുത ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണത്തിൽ കടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നും കടിശ്ശിക എന്നു മുതൽ വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) ഒരു പരിചാരകന്റെ സഹായം ആവശ്യമായവിധം കിടപ്പിലായവരെയും 100% അന്ധത ബാധിച്ചവരെയും ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബുദ്ധിവൈകല്യം എന്നിവ ബാധിച്ചവരെയും പരിചരിക്കുന്നവർക്കാണ് ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം രോഗികൾക്ക് ധനസഹായം അനുവദിക്കുന്നില്ല. ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കളിൽ ഓട്ടിസം ബാധിച്ചവരെ പരിചരിക്കുന്നവരുടെ എണ്ണം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ആശ്വാസ കിരണം പദ്ധതി പ്രകാരം രോഗിയെ പരിചരിക്കുന്ന വ്യക്തിക്ക് പ്രതിമാസം 525 രൂപ ധനസഹായം അനുവദിക്കുന്നു.

പരിചരിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരോ, ബി.പി.എൽ. പട്ടികയിൽപ്പെട്ട കുടുംബത്തിലുള്ളവരോ ആയിരിക്കണം. ആശ്രയ/ബി.പി.എൽ. പട്ടികയിൽപ്പെടാത്തവരാണെങ്കിൽ അവരുടെ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശത്തിലുള്ളവർക്ക് 20,000 രൂപയിലും നഗരപ്രദേശത്തിലുള്ളവർക്ക് 22,375 രൂപയിലും അധികരിക്കരുത്. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ബാധിച്ചവർ എന്നിവരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. അപേക്ഷകളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവുമൂലവും മിഷനിലെ ജോലി കൂടുതൽമൂലവുമാണ് കടിശ്ശിക വന്നിട്ടുള്ളത്. ആയത് സമയബന്ധിതമായി കഴിവതും വേഗം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly